# കേരള സർക്കാർ
## ധനകാര്യ (സ്കീംലൈനിംഗ്) വകുപ്പ്

## സർക്കുലർ

നമ്പർ.17/2021/ധന, തീയ്യതി, തിരുവനന്തപുരം, 22.02.2021.

വിഷയം :- ശമ്പള ബില്ലുകളിൽ നിന്നും കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ കുറവ് ചെയ്യുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- (1) 12.10.2020 – ലെ 1572678/എസ്.എൽ.1/2020/ധന നമ്പർ കത്ത്.
(2) ട്രഷറി ഡയറക്ടറുടെ 06.02.2021 – ലെ TRY/3272/2020-E2 നമ്പർ കത്ത്.

ശമ്പള ബില്ലുകളിൽ നിന്നും കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ കുറവ് ചെയ്യുന്നതും DDO - യുടെ STSB അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതുമായ തുകയ്ക്കുള്ള ചെക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി ബില്ലുകളോടൊപ്പം സമർപ്പിക്കേണ്ടതാണെന്നും അത്തരം ബില്ലുകൾ ശമ്പള ബില്ലുകളോടൊപ്പം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, നിലവിൽ സ്പാർക്ക് മുഖേനെ സമർപ്പിക്കുന്ന ശമ്പള ബില്ലുകളുടെ ഹാർഡ് കോപ്പിയോ, ഒപ്പം ചെക്കുകളോ ട്രഷറികളിൽ സമർപ്പിക്കേണ്ടാത്തതിനാൽ കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ട്രാൻസ്ഫർ ചെയ്യുന്നതായി ഉറപ്പ് വരുത്തുവാൻ അതാത് DDO - മാർക്കേ സാധിക്കുകയുള്ളൂവെന്നും ട്രഷറികൾക്ക് അതു പരിശോധിക്കുവാൻ സാധിക്കുകയില്ലായെന്നും സൂചന (2) പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

അതിനാൽ, കോ-ഓപ്പറേറ്റീവ് റിക്കവറി സൂചിപ്പിച്ചിട്ടുള്ള ശമ്പള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുമ്പോൾ അതിനുള്ള ചെക്കും ബാംസിലെ പ്രൊസീഡിംഗ്സും ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ നിർബന്ധമായും സമർപ്പിക്കേണ്ടതും ട്രഷറി ഓഫീസർമാർ ഇക്കാര്യം നിർബന്ധമായും വെരിഫൈ ചെയ്യേണ്ടതും, ശമ്പള ബില്ലുകളിൽ നിന്നും കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ കുറവ് ചെയ്യുന്നതും DDO – യുടെ STSB അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതുമായ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ടെന്ന് കർശനമായി ഉറപ്പ് വരുത്തേണ്ടതുമാണ്.

ഇതു സംബന്ധിച്ച നിർദ്ദേശം എല്ലാ ട്രഷറി ഓഫീസർമാർക്കും, എല്ലാ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഉദ്യോഗസ്ഥർക്കും അടിയന്തിരമായി നൽകുവാൻ ട്രഷറി ഡയറക്ടറെയും, വകുപ്പ് മേധാവികളെയും യഥാക്രമം ചുമതലപ്പെടുത്തുന്നു.

**പ്രീത. ബി. എസ്.,**
ധനകാര്യ അഡീഷണൽ സെക്രട്ടറി.

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവന്മാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, www.financekerala.gov.in.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.